LIBRARY ARCHIVES Kerala Legislative Assembly

ലിംഗസമത്വ ബോധന പരിപാടികളുടെ ഭാഗമായി സാക്ഷരതാ മിഷൻ സ്ത്രീധന നിരോധന ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ട്. സാക്ഷരതാ മിഷൻ നടത്തി വരുന്ന സാമൂഹ്യ സാക്ഷരതാ പരിപാടികളിൽ ഒന്നാണ് ലിംഗസമത്വ ബോധന പരിപാടി. ഈ പരിപാടിയുടെ ഭാഗമായി നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ എന്ന പ്രദർശനം, പ്രഭാഷണ പരമ്പര തുടങ്ങിയവ സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചിരുന്നു. ഇതു സംബന്ധിക്കുന്ന ഒരു കൈപ്പുസ്തകവും തയ്യാറാക്കി വിതരണം ചെയ്തിരുന്നു. പരിസ്ഥിതി സാക്ഷരത, ഭരണഘടനാ സാക്ഷരത, ആരോഗ്യ സാക്ഷരത, ജലസാക്ഷരത തുടങ്ങിയ സാമൂഹ്യ സാക്ഷരതാ പരിപാടികൾ പോലെ ഇതും ജനകീയ പരിപാടിയായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടത്തിവന്നത്. ഇപ്പോൾ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ സമൂഹത്തിലെ ജനകീയ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. എന്നാൽ, സ്ത്രീധന പീഡനവുമായി ബന്ധപ്പെട്ട അനിഷ്ട സംഭവങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ലിംഗസമത്വ ബോധന പരിപാടി നിലവിലെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ കൂടുതൽ വ്യാപകമായി സംഘടിപ്പിക്കേണ്ടതുണ്ട് എന്ന ലക്ഷ്യത്തോടെയാണ് സ്ത്രീധന നിരോധന ക്യാമ്പയിന് സാക്ഷരതാ മിഷൻ തുടക്കം കുറിച്ചത്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി 2021 ജൂലൈ 4-ന് ഈ ക്യാമ്പയിനിന്റെ ഉദ്ഘാടനം ഔദ്യോഗികമായി നിർവ്വഹിക്കുകയുണ്ടായി. 2021 ജൂലൈ 5 മുതൽ 8 വരെ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് സ്ത്രീധനത്തിന്റെ നിയമപരം, ചരിത്രപരം, സാമൂഹ്യതലം എന്നീ മൂന്നു മേഖലയുമായി ബന്ധപ്പെട്ട് സാമൂഹ്യ മാധ്യമങ്ങളിലൂടെ ഓൺലൈൻ പ്രഭാഷണങ്ങൾ സംഘടിപ്പിച്ചു. തുടർന്ന് സാക്ഷരതാ മിഷന്റെ സംസ്ഥാനത്തെ മുഴുവൻ സാക്ഷരത-തുല്യതാ പഠിതാക്കളെയും അവരുടെ കുടുംബങ്ങളെയും സാക്ഷരതാ പ്രവർത്തകരെയും ഇതിൽ നേരിട്ട് പങ്കാളികളാക്കിക്കൊണ്ട് ജൂലൈ 8-ന് സ്ത്രീധന വിരുദ്ധ പ്രതിജ്ഞ എടുക്കുകയുണ്ടായി. വിവിധ ആശയങ്ങൾ പ്രചരിപ്പിച്ച് സമൂഹത്തെ ബോധവൽക്കരിക്കുന്ന പോസ്റ്റർ പ്രദർശനങ്ങൾ നടത്താനാണ് സാക്ഷരതാ മിഷൻ ഈ ബോധവൽക്കരണ പരിപാടിയിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

**നൂറുദിന കർമ്മ പരിപാടിയിൽ റവന്യൂ വകുപ്പിന്റെ പദ്ധതികൾ**

16 (*74) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച ആദ്യ നൂറുദിന കർമ്മ പരിപാടിയിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. 12000 പട്ടയങ്ങളുടെ വിതരണം

2. ഭൂനികുതി ഒടുക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ

3. തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവയുടെ ഡിജിറ്റൈസേഷന്റെ പൂർത്തീകരണം

4. റവന്യൂ പോർട്ടലിനു കീഴിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിനുള്ള മൊഡ്യൂൾ

5. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ഭൂനികുതി ഒടുക്കുന്നതിനുവേണ്ടിയുള്ള നവീകരിച്ച ഇ-പേമെന്റ് പോർട്ടൽ

6. സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം - 20 എണ്ണം

7. സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഓൺലൈനായി നല്കുന്നതിനുള്ള മൊഡ്യൂൾ

8. നൂറ് വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ

9. ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനുമായുള്ള ഓൺലൈൻ മൊഡ്യൂൾ

10. 8 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി സെക്ഷൻ 13 പ്രസിദ്ധീകരിക്കുന്നതിനും 5 വില്ലേജുകളുടെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവ്വേ അതിരടയാള നിയമം സെക്ഷൻ 9(2) പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടി.

11. മുൻ കാലങ്ങളിൽ ഡിജിറ്റലായി സർവ്വേ മാപ്പുകൾ തയ്യാറാക്കിയിട്ടുള്ള 87 വില്ലേജുകളും റീസർവ്വേ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്ന 8 വില്ലേജുകളും ചേർത്ത് 95 വില്ലേജുകളുടെ മാപ്പ് ഓൺലൈൻ ആപ്ലിക്കേഷനായ e-Maps സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്നതിനുള്ള നടപടി.

12. Continuously Operating Reference Stations (CORS) 28 എണ്ണം സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് സർവ്വേ ഓഫ് ഇന്ത്യ മുഖേന ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടി

13. Survey of Villages and Mapping with Improvised Technology in Village Areas (SVAMITVA) സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികളുടെ ആദ്യഘട്ട പ്രവർത്തന പുരോഗതി വെളിപ്പെടുത്താമോ?

12000 പട്ടയങ്ങളുടെ വിതരണം 6-9-2021-നും ഭൂനികുതി ഒടുക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ, തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവയുടെ ഡിജിറ്റൈസേഷൻ പൂർത്തീകരണം, ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള ഓൺലൈൻ മൊഡ്യൂൾ, സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഓൺലൈനായി നല്കുന്നതിനുള്ള മൊഡ്യൂൾ എന്നിവ 2-9-2021-നും പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ Plan Work Module പരിശോധിക്കുന്നതിന് LRD Portal-ൽ access, ഇ-ഓഫീസ് ഗ്യാപ് അനാലിസിസ് നടത്തുന്നതിന് റവന്യൂ പോർട്ടൽ, 20 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം എന്നിവ ഉടനെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ SVAMITVA ആരംഭിച്ചിട്ടുള്ള വടക്കൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ ഭൂപ്രകൃതി വ്യത്യസ്തമായതിനാലും വലിയ കെട്ടിടങ്ങളും മരങ്ങളും തിങ്ങി നിറഞ്ഞതുമായ സാഹചര്യത്തിലും സംസ്ഥാനത്തിന് Drone survey അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിന് 12-7-2021-ൽ വർക്കല വില്ലേജിൽ ഒരു സാമ്പിൾ സർവ്വേ നടത്തിയിട്ടുണ്ട്.

(സി) നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി അർഹരായവർക്ക് പട്ടയം നൽകാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. നൂറുദിന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 12000 പട്ടയങ്ങൾ വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അവയിൽ വിവിധ എൽ.എ. പട്ടയങ്ങൾ, മറ്റു പട്ടയങ്ങൾ, ക്രയ സർട്ടിഫിക്കറ്റുകൾ, ദേവസ്വം മിച്ച ഭൂമി/മറ്റു മിച്ചഭൂമി പട്ടയങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇതിനകം 11,381 പട്ടയങ്ങൾ വിതരണത്തിന് തയ്യാറായി വരുന്നു. അവ തിരുവനന്തപുരം 50, കൊല്ലം 35, പത്തനംതിട്ട 73, ആലപ്പുഴ 70, കോട്ടയം 71, ഇടുക്കി 2319, എറണാകുളം 720, തൃശ്ശൂർ 2203, പാലക്കാട് 1034, മലപ്പുറം 1176, കോഴിക്കോട് 1555, വയനാട് 400, കണ്ണൂർ 1267, കാസർഗോഡ് 408 എന്നിങ്ങനെയാണ്.

(ഡി) നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ പോർട്ടലിൽ കൂടുതൽ സേവനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. റവന്യൂ വകുപ്പിന്റെ പോർട്ടലിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകളുടെ ഡിജിറ്റൈസേഷൻ തുടങ്ങിയ നടപടികൾ നടന്നുവരുന്നു. കെട്ടിട നികുതി ഓൺലൈനായി

LIBRARY ARCHIVES Kerala Legislative Assembly

ഒടുക്കുന്നതിനുള്ള സംവിധാനംകൂടി ഉൾപ്പെടുത്തി ഭൂനികുതി ഒടുക്കുന്നതിന്റെ ഇ-പേമെന്റ് പോർട്ടൽ/മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചുവരുന്നു. ഭൂമി തരംമാറ്റൽ, സ്കെച്ച്, തണ്ടപ്പേർ, ലൊക്കേഷൻ സ്കെച്ച് തുടങ്ങിയവയുടെ ഓൺലൈൻ ഷെഡ്യൂളും വികസന ഘട്ടത്തിലാണ്. വില്ലേജ് ഓഫീസുകൾക്കായുള്ള വെബ്സൈറ്റിന്റെ വികസനം, റവന്യൂ പോർട്ടലിനുകീഴിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിനുള്ള മൊഡ്യൂൾ, ഡിജിറ്റൽ റീസർവ്വേ പൂർത്തിയായ വില്ലേജുകളുടെ മാപ്പ് ReLIS സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ എന്നിവ പൂർത്തിയായി വരുന്നു.

**റീബിൽഡ് കേരളയിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

17 (*75) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പരിപാടിയിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തിവരുന്ന പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

&

(ബി) മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം പൊതുമരാമത്ത് നിരത്തു വിഭാഗത്തിന് കീഴിൽവരുന്ന പ്രവൃത്തി തിരുവനന്തപുരം എയർപോർട്ട് - ശംഖുംമുഖം റോഡ് പുനരുദ്ധാരണമാണ്. ഈ പ്രവൃത്തിയുടെ ഒന്നാംഘട്ടമായ ഡയഫ്രം വാൾ നിർമ്മാണത്തിന് 639 ലക്ഷം രൂപയുടെയും രണ്ടാംഘട്ടമായ റോഡിനുള്ള 166 ലക്ഷം രൂപയുടെയും (മൊത്തം 805 ലക്ഷം രൂപ) പുതുക്കിയ ഭരണാനുമതി ആർ.കെ.ഐ. മുഖാന്തരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിനായി M/s ULCCS എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്പനി പണി ആരംഭിക്കുകയും 4 മീറ്ററോളം ദൂരത്തിൽ കോൺക്രീറ്റ് ഡയഫ്രം വാൾ നിർമ്മിക്കുകയും ചെയ്തു. ഇതുകൂടാതെ ഏകദേശം 200 മീറ്റർ ദൈർഘ്യത്തിൽ സ്റ്റീൽ ഷീറ്റ് പൈലുകൾ സ്ഥാപിക്കുകയും ഡയഫ്രം വാൾ നിർമ്മാണ പ്രവൃത്തിക്കായി ഗൈഡ് വാൾ നിർമ്മിക്കുകയും ഏകദേശം 5500 ക്യൂബിക് മീറ്റർ മണ്ണ് ഇറക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly